# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2335. 13.02.2013 ൽ മറുപടിയ്ക്ക്

### വാഹനങ്ങളുടെ സൺഗ്ലാസ് നീക്കം ചെയ്യുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും<br>വകുപ്പുമന്ത്രി |
|---|---|---|
| (എ) വാഹനങ്ങളുടെ സൺഗ്ലാസ്സ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് നിലവിൽ വന്നത് എന്നാണെന്നറിയിക്കാമോ ; | (എ) | 27/04/2012 -ൽ |
| (ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | WP(C)No.265/2011 ലെ 27/04/2012 ലെ വിധിന്യായ പ്രകാരം ബഹു. സുപ്രീംകോടതി, വാഹനങ്ങളുടെ ഗ്ലാസ്സിൽ കറുത്ത ഫിലിം/സൺ ഫിലിം തുടങ്ങിയവ ഒട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ് എന്ന് 03/05/2012, ലെയും 05/05/2012 ലെയും കത്തുകൾ പ്രകാരം സംസ്ഥാന പോലീസ് മേധാവി, ഗതാഗത കമ്മീഷണർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നല്കിയിരുന്നു. 04/05/2012 ൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട്കമ്മീഷണർ-മാർക്കും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാർക്കും, ചെക്ക് പോസ്റ്റുകളിലെ എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാർക്കും ഗതാഗത കമ്മീഷണർ ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ 10/10/2012 ലെ കത്തിലൂടെ ഗതാഗതവകുപ്പിന്റെ വാഹനങ്ങളിൽ ഒട്ടിച്ചിരിക്കുന്ന സൺഫിലിം ഇളക്കിമാറ്റാൻ ബന്ധപ്പെട്ടവർക്ക്, സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്നുള്ള സന്ദേശം കേരളത്തിലാകമാനമുള്ള ഓൾ ഇന്ത്യ റേഡിയോ നിലയങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നതിനായി 08/05/2012 ലെ കത്തിലൂടെ ആൾ |

| | | |
|---|---|---|
| | | ഇന്ത്യ റേഡിയോ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സുപ്രീം കോടതി നിർദ്ദേശം പത്രമാദ്ധ്യമ-ങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, ദൃശ്യമാദ്ധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ബഹു.സുപ്രീംകോടതിയുടെ നിർദ്ദേശം കർശനമായി നടപ്പിൽ വരുത്തുന്നതിനായി തങ്ങളുടെ അധികാരപരിധിയിലെ ഓഫീസു-കളുടെ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിനായി 01/06/2012 ലെയും 04/10/2012 ലെയും കത്തിലൂടെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ഉത്തരവ് കർശനമായി നടപ്പിലാക്കാൻ വിവിധ സർക്കാർ വകുപ്പുകൾക്കും ഗതാഗത കമ്മീഷണർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) സൺഗ്ലാസ്സ് പതിച്ച വാഹനങ്ങൾ ഇപ്പോഴും നിരത്തിലിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) | നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.